**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4425** **06-03-2023 - ൽ മറുപടിയ്ക്ക്**

**കരകൗശല മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കരകൗശല മേഖലയെ സഹായിക്കുന്നതിനും കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | കരകൗശല മേഖലയിൽ പ്രധാനമായും പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങൾ ആണ് ഉള്ളത്. അവയെ സംബന്ധിക്കുന്ന വിവരങ്ങൾ ഇപ്രകാരമാണ്.<br><br>കരകൗശല വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പുതിയ ഡിസൈനിലുള്ള ഉല്പന്നങ്ങൾ വികസിപ്പിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പദ്ധതികൾ നിലവിൽ നടത്തി വരുന്നു.<br><br>ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശല തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു.<br><br>പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഒരുകുടക്കീഴിൽ കൊണ്ടു വരിക എന്ന ഉദ്ദേശത്തോടെ കാഡ്കോ ആർട്ടിസാൻസ് ലേബർ ഡേറ്റാ ബാങ്ക് പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ 20,000ത്തോളം ആർട്ടിസാൻമാർ ലേബർ ഡേറ്റാ ബാങ്കിൽ രജി സ്റ്റർ ചെയ്തിട്ടുണ്ട്.<br><br>പരമ്പരാഗത സ്വർണ്ണ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഗോൾഡ് അപ്രൈസർ സബ് സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം കാഡ്കോ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി Gem and Jewellery Skill Council of India, National Council of Vocational Training എന്നിവയുമായി ചേർന്ന് നടത്തുന്ന പ്രോഗ്രാം 14 ജില്ലകളിൽ നിന്ന് ആദ്യഘട്ടത്തിൽ 420 പരമ്പരാഗത ആർട്ടിസാന്മാർക്ക് ട്രെയിനിംഗ് |

നൽകുന്നതിനായി ഉദ്ദേശിയ്ക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് കാഡ്കോയും Govt. of India യുടെ GJSCI യുമായി സംയോജിതമായി സർട്ടിഫിക്കറ്റ് നൽകുന്നതിനും കാഡ്കോ ലക്ഷ്യമിടുന്നു. ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ ബാങ്കുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ പരമ്പരാഗത സ്വർണ്ണതൊഴിലാളികൾക്ക് അപ്രൈസർ മാരായി തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി പ്രകാരം വിവിധ സർക്കാർ സ്ഥാപനത്തിലേയ്ക്ക് ആർട്ടിസാൻ/ ആർട്ടിസാൻ യൂണിറ്റ് മുഖാന്തിരം ഫർണിച്ചർ വിതരണം, ഇന്റീരിയർ ഫർണിഷിംഗ്, പൊതുവിദ്യാലയ നവീകരണം എന്നിവ നിർവ്വഹിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 52 കോടി രൂപയുടെ വിറ്റുവരവ് കാഡ്കോ നേടിയിരുന്നു. 2 ലക്ഷം തൊഴിൽ ദിനങ്ങൾ ഇപ്രകാരം സൃഷ്ടിക്കുന്നതിന് കാഡ്കോയ്ക്ക് സാധിച്ചു.

കൊല്ലം ഉമയനെല്ലൂരിൽ ആർട്ടിസാൻമാർക്കായി പൊതുസേവന കേന്ദ്രം കാഡ്കോ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ മറ്റ് 13 ജില്ലകളിലും പരമ്പരാഗത കൈത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പൊതു സേവനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് കാഡ്കോ ലക്ഷ്യമിടുന്നു.

കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി ആധുനികവൽക്കരണം, ഡിസൈൻ വികസനം തുടങ്ങിയ ആവശ്യങ്ങൾക്കാണ് ഇതുപ്രകാരം ധനസഹായം അനുവദിക്കുന്നത്.

ഈ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയുടെ ധനസഹായം സുരഭിയ്ക്ക് ലഭിച്ചിരുന്നു.

കരകൗശല മേഖലയിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. 2023-24 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം നീക്കി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ